GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram - 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 - 2318186, 2317314

Editor Farm News – Dr. Amritha V.S

---

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 26/09/2026

1. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന **"സമ്പന്ന മാലിന്യം"** എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ കോഴ്സിന്റെ പുതിയ ബാച്ച് **ഒക്ടോബർ 13** ന് ആരംഭിക്കും. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ കൈകാര്യം ചെയ്യുന്ന ഈ കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് https://celkau.in/elearning/reg.php എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. ഒക്ടോബർ 23 ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. 24 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഇതിനായി

കമ്പ്യൂട്ടറോ മൊബൈൽ ഫോണോ (സ്മാർട്ട് ഫോൺ) ഉപയോഗിക്കാം. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ സർട്ടിഫിക്കറ്റും നൽകുന്നതാണ്. സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്. രജിസ്റ്റർ ചെയ്യുവർക്ക് **ഒക്ടോബർ** 13 മുതൽ യൂസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് 0487-2438565, 8547837256എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെടുക.

2. ക്ഷീര വികസന വകുപ്പ് വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാം ഓഫീസിൽ **സെപ്റ്റംബർ** 29, 30 തിയതികളിൽ **"തീറ്റപ്പുൽകൃഷി പരിശീലനവും സൈലേജ് നിർമ്മാണവും"** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ പരിശീലനത്തിനെത്തുമ്പോൾ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. താൽപര്യമുള്ളവർ സെപ്റ്റംബർ 28 വൈകുന്നേരം 5 മണിയ്ക്ക് മുൻപായി ടി പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9400058641 /9388834424 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

3. കേരള സർക്കാർ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് കീഴിൽ കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന കശുമാവ് സന്തതി തോട്ടം ആദൂർ ഗാളിമുഖ സ്പെഷ്യൽ ഫാമിൽ കാർഷികവിളകളുടെ നടീൽ വസ്തുക്കളായ കശുമാവ് ഗ്രാഫ്റ്റ് –( ഇനങ്ങൾ – ധന, ധരശ്രീ, പ്രിയങ്ക, അക്ഷയ, പൂർണിമ, അമൃത) ഒന്നിന് വില 40 രൂപ, മാവ് ഗ്രാഫ്റ്റ്– (ഇനങ്ങൾ – PH ലഡുവ, കലപ്പാടി, ചന്ദ്രക്കാരൻ, കൊളംബ്, ബംഗനപ്പള്ളി, കുറ്റ്യാട്ടൂർ, അൽഫോൻസൊ, കർപ്പൂരം, മുണ്ടപ്പ, നീലം) ഒന്നിന് വില 75 രൂപ. എന്നിവ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9383471972 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

4. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിനെ ബാധിക്കുന്ന രോഗങ്ങൾക്കെതിരെ മരുന്നു തളിക്കുന്നതിനുള്ള ആധുനികമാർഗങ്ങൾ, അതിനുപയോഗിക്കുന്ന സ്പ്രേയറുകളുടെയും ഡ്രോണുകളുടെയും ഉപയോഗം, പരിപാലനം എന്നിവയെക്കുറിച്ച് സെപ്റ്റംബർ 28–ന് പരിശീലനം നൽകുന്നു. പരിശീലനമാധ്യമം മലയാളം ആയിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 6238092175, 0481–2353127 എന്നീ ഫോൺനമ്പറുകളിൽ ബന്ധപ്പെടുകയോ റബ്ബർബോർഡ് വെബ് സൈറ്റായ www.rubberboard.gov.in സന്ദർശിക്കുകയോ ചെയ്യുക.

5. പേവിഷബാധവിമുക്ത കേരളം-പ്രതിരോധകുത്തിവയ്പ്പ് പദ്ധതി നാലാം ഘട്ടം സെപ്റ്റംബർ 28 മുതൽ ഒക്ടോബർ 27 വരെ സംസ്ഥാനത്ത് നടപ്പിലാക്കുന്നു. ആയതിന്റെ സംസ്ഥാനതല ഉദ്ഘാടനം 'World Rabies Day' ആയ സെപ്റ്റംബർ 28 ന് മൃഗസംരക്ഷണ വകുപ്പ് മന്ത്രി ശ്രീമതി. ബിന്ദു കൃഷ്ണ കൊല്ലം ജില്ലയിൽ വച്ച് നിർവ്വഹിക്കുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ Rabies Free Keralam Vaccination Campaign പദ്ധതിയുടെ കീഴിൽ നടത്തുന്ന വളർത്തുനായകൾക്കുള്ള ആന്റി റാബീസ് വാക്സിനേഷൻ ക്യാമ്പെയിൻ ആണ് ഇത്. മാരകമായ റാബീസ് രോഗത്തിൽ നിന്നും വളർത്തു നായ്ക്കളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതിയാണ്. ഇതുവഴി മനുഷ്യരിൽ റാബീസ് രോഗബാധ ഉണ്ടാകുന്നത് തടയാൻ സാധിക്കും.